# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD/P20/1809/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 31/12/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD/P20/1809/25 തീയ്യതി: 31/12/2025

# പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2024 മുതൽ 22-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2025 | 31-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2025 | 31-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. വിദ്യ.പി-ഓഡിറ്റ് ഓഫീസർ
ശ്രീമതി. ബീന എം.വി-സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അനിത.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സജിത്.എസ്-ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷറഫുദീൻ.കെ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ബിജുമോൾ.എം | സെക്രട്ടറി | 01-04-2024 | 01-09-2024 |
| ശ്രീ.പി.എ).താജു | സെക്രട്ടറി | 02-09-2024 | 14-10-2024 |
| ശ്രീ.പ്രശാന്ത്.എ).ജെ | സെക്രട്ടറി | 15-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുഹമ്മദ് മുബാരിസ് | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷഹ്ന ഹംസ.എൻ.എച്ച് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ദീപ്തി.ടി.ബി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി സതി എം | ഹെഡ് മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ഡോ.പ്രസീത പി.ജി | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 01-04-2024 | 31-03-2025 |
| ഡോ.വിപിൻകിഷോർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2024 | 30-04-2024 |
| ഡോ.അഖിൽ.എ.എസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-05-2024 | 08-09-2024 |
| ഡോ.മിനു ഉമ്മർ.സി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 09-09-2024 | 31-03-2025 |
| ശ്രീമതി പ്രീത എൻ.കെ | അസി.സെക്രട്ടറി | 01-04-2024 | 31-08-2024 |
| ശ്രീ .വിനോദ് .വി.പി | അസി.സെക്രട്ടറി (I/c) | 01-09-2024 | 17-09-2024 |
| ശ്രീമതി. ബീന.കെ.എം | അസി.സെക്രട്ടറി | 18-09-2024 | 31-03-2025 |
| ശ്രീമതി.ഷഹ്ന.പി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 09-08-2024 |
| ശ്രീമതി.സുനിത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-08-2024 | 31-03-2025 |
| ശ്രീമതി സുഷ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2024 | 19-01-2025 |
| ശ്രീമതി .ചിത്തിര.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2(i/c) | 20-01-2025 | 31-03-2025 |
| ശ്രീമതി .ചിത്തിര.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2024 | 31-03-2025 |
| ഡോ.ബാലൻ.ഇ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | അൺ എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല | 1-11 |
| 15 | സ്കൂൾ കെട്ടിടങ്ങൾ അനധികൃത നിർമ്മാണം നടത്തുന്നു-നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല- | 1-12 |
| 16 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം | 1-13 |
| 17 | കോക്ലിയർ ഇംപ്ലാന്റേഷൻ-നൽകിയ തുകയിൽ വിനിയോഗിക്കാതെ ഇപ്പോഴും തുക അവശേഷിക്കുന്നു | 1-14 |
| 18 | മെനുസ്ട്രുവൽ കപ്പുകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു | 1-15 |
| 19 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-17 |
| 21 | വിവാഹ ധനസഹായം നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകത | 1-18 |
| 22 | പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 23 | ജൽജീവൻ മിഷൻ- അവലോകനം | 1-20 |
| 24 | ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും-അവലോകനം | 1-21 |
| 25 | ഓഡിറ്റ് ഇംപാക്ട്-പെർമിറ്റ് ഫീസ് ഇനത്തിൽ കുറവായി ഈടാക്കിയ 57104/- രൂപ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ഈടാക്കി | 1-22 |
| | **ഭാഗം 2** | |
| 1 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 4-2 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം | |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ANNEXURE | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.6.2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: പാലക്കാട്
തീയതി:31-12-2025

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

**1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത**

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **15968690.00** രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 66779918**.00** അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(c)- Capital Expenses (Productive Sector), B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-2 ബജറ്റ്**

09.02.2024 തിയതിയിലെ തീരുമാനം 1 (1) നം. പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 03.03.2025ലെ 1(2) നം. തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 36262690 |
| വരവ് | 243111231 |
| ആകെ | 279373921 |
| ചെലവ് | 258989388 |
| നീക്കിയിരുപ്പ് | 20384533 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 45896160.00 രൂപ |
| വരവ് | 76687701.00 രൂപ |
| ആകെ | 122583861.00 രൂപ |
| ചെലവ് | 60719011.00 |

| | |
|---|---|
| | രൂപ |
| നീക്കിയിരിപ്പ് | 61864850.00 രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 19229000 | 19229000 | 18652536 | 576464 |
| വികസന ഫണ്ട് –എസ്.സി.പി | 0 | 9427000 | 9427000 | 9047831 | 379169 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 32462000 | 32462000 | 20932261 | 11529736 |
| മെയ്ന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 13135000 | 13135000 | 4057723 | 9077277 |
| CFC-അൺ ടൈഡ് ഗ്രാന്റ്-New | 3610896 | 3703209 | 7314105 | 3579860 | 3734245 (*) |
| CFC- ടൈഡ് ഗ്രാന്റ്-New | 7456356 | 768400 | 15140356 | 2398957 | 12741399 |
| CFC-പെർഫോമൻസ് ഗ്രാന്റ് | 0 | 1206211 | 1206211 | 1206211 | 0 |

(*) വാർഷിക ധനകാര്യപത്രിക B-4, B-17 ഷെഡ്യൂളുകൾ പ്രകാരം നീക്കിയിരിപ്പ് 4286351 രൂപയാണ്. 552106 രൂപയുടെ ചെലവ് AFS ൽ പ്രതിഫലിച്ചിട്ടില്ല.

### കേന്ദ്രാവിഷ്കൃതം

### എ) ICDS

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| Health Grant- Diagnostic Infrastructure | 767138 | 453801 | 1220939 | 422151 | 798788 |
| Health Grant- Conversion Of PHCs | 298139 | 683479 | 981618 | 205634 | 775984 |
| ICDS | 2267651 | 2541612 | 4809263 | 1500000 | 3309263 |

| | | | | | |
|---|---|---|---|---|---|
| BRGF | 46148 | 1340 | 47488 | 1770 | 45718 (*) |
| NHM | 500000 | 0 | 500000 | 494648 | 5352 |

(*) BRGF നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രിക B-17 ഷെഡ്യൂൾ പ്രകാരം 45918 രൂപയാണ്. B-4 പ്രകാരമുള്ള തുക 45718 ആണ്.

**ബി) തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1127450 | 1127450 | 1127216 | 234 |
| തൊഴിലാളികളുടെ വേതനം | | 15785000 | 15785000 | 15785000 | 0 |
| ആകെ | | 16912450 | 16912450 | 16912216.00 | 234 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 177087 | 204000 | 381087 | 381087 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 383 | 208806737 | 225 | 87589020 | 150 | 58.75 |

അംഗീകാരം ലഭിച്ചതിൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം **50%**ത്തിൽ താഴെ മാത്രമാണ്. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 18 | 18 | 8537995 | 5890704 | 68.99 |
| വെറ്ററിനറി സർജൻ | 7 | 6 | 2315580 | 1805329 | 77.96 |
| മെഡിക്കൽ ഓഫീസർ- CHC | 24 | 4 | 5162370 | 2885725 | 55.90 |
| മെഡിക്കൽ ആയുർവേദം | 6 | 6 | 1545000 | 1445432 | 93.56 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 22 | 10 | 30685380 | 7934134 | 25.86 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 14 | 6 | 39953548 | 12998080 | 32.53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 13 | 7307371 | 6368326 | 87.15 |
| സെക്രട്ടറി | 56 | 28 | 14957384 | 8322365 | 55.64 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 205 | 124 | 94790209 | 37176216 | 39.22 |
| ഹെഡ്മാസ്റ്റർ | 9 | 4 | 1275000 | 608929 | 32.53 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 250000 | 250000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 2026900 | 1903780 | 93.93 |
| ആകെ | 383 | 225 | 208806737 | 87589020 | 41.95 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1127450 | 1127450 | 1127216 | 234 |
| തൊഴിലാളി കളുടെ വേതനം | | 15785000 | 15785000 | 15785000 | 0 |
| ആകെ | | 16912450 | 16912450 | 16912216.00 | 234 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1801600 | 96 |
| 2 | വിധവാ പെൻഷൻ | 20298800 | 1347 |
| 3 | വാർദ്ധക്യകാല പെൻഷൻ | 39851900 | 2871 |
| 4 | വികലാംഗ പെൻഷൻ | 5539300 | 364 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1101400 | 66 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 23/10/25 തീയതിയിൽ 03.00 പി എം സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ₹4500/- രൂപ (നാലായിരത്തി അഞ്ഞൂറ് രൂപ ) വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഓഫീസ് ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. കൂടാതെ പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

3/2009 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 1999-2000 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 01/2023 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതര പരാമർശങ്ങൾ ഒന്നുമില്ല

**1-11 അൺ എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല**

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ, ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്റ്റ്) 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. 2023-24 വർഷം മുതൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യാവുന്നതാണ്.
താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം മുതൽ നികുതി നിർണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വസ്തു നികുതി ഈടാക്കുവാൻ വിട്ടുപോയ സ്ഥാപനം | കെട്ടിട നമ്പർ | വസ്തു നികുതി ഈടാക്കേണ്ടുന്ന വർഷം |
|---|---|---|---|
| 1 | സല്ലാഹുദ്ദീൻ അയ്യൂബി ഇംഗ്ലീഷ് സ്കൂൾ | 2/203/A, 2/203/B, 2/203/C, 2/203/D, 2/203/E, 2/203/F, 2/203/G, 2/203/H | 2023-24& 2024-25 |
| 2 | ചിൻമയ എഡ്യുക്കേഷണൽ | 18/484,18 /485,18 /485A,18/485B | 2023-24& 2024-25 |

| | | | |
|---|---|---|---|
| | & കൾച്ചറൽ ട്രസ്റ്റ് | | |
| 3 | ശ്രീവ്യാസ വിദ്യാനികേതൻ | 10/349,10 /349A,10/349B | 2023-24& 2024-25 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/2025 തിയതി: 24/10/2025) മറുപടിയായി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 സ്കൂൾ കെട്ടിടങ്ങൾ അനധികൃത നിർമ്മാണം നടത്തുന്നു-നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല-**

01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) 2427/2007/പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള സ്കൂളുകൾ പരിശോധിക്കേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്. 30.12.2016 തീയതിയിലെ നം 792455 ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2024-25 അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി പഞ്ചായത്തിലെ സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്കൂളുകൾ കെട്ടിടത്തിനു മുകളിൽ അധിക നിർമ്മാണം നടത്തിയതായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ബോധ്യപ്പെടുകയും പ്രസ്തുത നിർമ്മാണം ക്രമവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കണം എന്നും 01/08/2025 തിയതിയിലെ 17AE/lid&ew/kpr/25-26 നമ്പർ കത്തിലൂടെ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

| സ്കൂൾ/കോളേജ് | റിമാർക്സ് |
|---|---|
| വിസ്ഡം കോളേജ് | അനധികൃതമായി മൂന്നാം നില നിർമ്മിച്ചിട്ടുണ്ട്. |
| എസ്. എ. വേൾഡ് സ്കൂൾ (സലാവുദ്ധീൻ അയൂബി) | സ്കൂൾ കോമ്പൗണ്ടിൽ അനധികൃതമായി പള്ളി നിർമ്മാണം നടക്കുന്നു. |
| ചിന്മയ സ്കൂൾ | കെട്ടിടത്തിന്റെ ഒരു ബ്ലോക്ക് ന്റെ നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല. |

അനധികൃതമായി നിർമ്മാണം നടത്തി പ്രവർത്തിക്കുന്ന മേൽ സ്കൂൾ കെട്ടിടങ്ങളെ ക്രമവൽക്കരിക്കുന്നതിന് നപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 08/24.10.2025)

മറുപടിയായി ക്രമവൽക്കരിക്കുന്നതിന് നപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ക്കൂളുകളിൽ ഫീൽഡ് പരിശോധന നടത്തി നിലവിലെ വിസ്തൃതി അളന്നു തിട്ടപ്പെടുത്തേണ്ടതും ഘടനാപരമായ മാറ്റങ്ങളോടെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള ക്രമവത്കരണം സാധ്യമാകുന്നതുവരെ യു.എ നമ്പർ നൽകി, 1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235AA (1) വ്യവസ്ഥ പ്രകാരം ഏതെങ്കിലും വ്യക്തി കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, വകുപ്പ് 203(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-13 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം**

സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കണ്ടെത്തി. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വ്യത്യസ്ത നമ്പരുകൾ നൽകുകയും ഒരു ചതുരശ്രമീറ്ററിന് 42 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നികുതി നിരക്ക് സംബന്ധിക്കുന്ന വിജ്ഞാപനം പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 84 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത് എന്നിരിക്കെ കെട്ടിടങ്ങളെ വ്യത്യസ്ത ഭാഗങ്ങളാക്കി തിരിച്ച് 100 ച.മീ.ൽ കുറവായ കെട്ടിടങ്ങളായി കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ശ്രീമതി.വിജയലക്ഷ്മി എന്നവരുടെ ഉടമസ്ഥതയിലുള്ള 10/370E മുതൽ 10/370I വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് ചുവടെ ചേർക്കുന്നു.

| | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയത് ആകെ ഇളവ്(10%) ആകെ വർദ്ധനവ്(20%) LC 5% | ഈടാക്കേണ്ടത് ആകെ ഇളവ്(10%) ആകെ വർദ്ധനവ്(20%) LC 5% | വസ്തു നികുതി കുറവ് |
|---|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 10/370E | 34 | 34x42x1.1x1.05=1650 | 34x84x1.1x1.05=3299 | 1649 |
| | 10/370F | 29.39 | 29.39x42x1.1x1.05=1426 | 29.39x84x1.1x1.05=2851 | 1425 |
| | 10/370G | 22 | 22x42x1.1x1.05=1068 | 22x84x1.1x1.05=2134 | 1066 |

| | | | | | |
|---|---|---|---|---|---|
| | 10/370H | 22 | 22x42x1.1x1.05=1068 | 22x84x1.1x1.05=2134 | 1066 |
| | 10/370I | 22 | 22x42x1.1x1.05=1068 | 22x84x1.1x1.05=2134 | 1066 |
| ആകെ | | 129.39 | 6280 | 12552 | 6272 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/25.10.2025) മറുപടിയായി അപാകം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങൾ ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വീഴ്ച വരുത്തിയ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-14 കോക്ലിയർ ഇംപ്ലാന്റേഷൻ-നൽകിയ തുകയിൽ വിനിയോഗിക്കാതെ ഇപ്പോഴും തുക അവശേഷിക്കുന്നു

| | |
|---|---|
| പ്രൊജക്ട് | 68/2025, കോക്ളിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ഫണ്ട് |
| അടങ്കൽ തുക | 50000(വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | 50000 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ നമ്പർ / തിയതി | 1/2024-25 05.10.2024 |

ഗ്രാമപഞ്ചായത്തിലെ കോക്ളിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വാർഷിക ചികിത്സാധനസഹായം അനുവദിക്കുന്ന തിനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം മിൻഹ ഷെറിൻ ജഹ്ഫർ, കല്ലടത്തുർ എന്ന ഗുണഭോക്താവിനായി 50000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (നം - 3301005800000015) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 09.11.2023 ലെ സർക്കുലർ നം: ഡി.എ1/284/2023 ത.സ്വ.ഭ.വ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നല്കപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശസ്ഥാപനം വകയിരുത്തിയിട്ടുള്ളത് പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ടിട്ടുള്ള ആവശ്യത്തിലേക്ക് തന്നെ വിനിയോഗിക്കേണ്ടതാണെന്നും തുക വിനിയോഗം സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതാണന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്ന് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/24.10.2025)മറുപടിയായി 28338/- രൂപ കോക്ളിയാർ ഇംപ്ളാന്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഉപയോഗിച്ചതായും അവശേഷിക്കുന്ന തുക തുടർവർഷങ്ങളിലെ മെയിന്റനൻസിനായി ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ഗുണഭോക്താവിന്റെ തുടർ വർഷങ്ങളിലെ മെയിന്റനൻസിനായി ഉപയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 മെനുസ്ട്രുവൽ കപ്പുകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല, തുക

**തടസ്സപ്പെടുത്തുന്നു**

വനിതകൾക്ക് ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ പുനരുപയോഗിക്കാവുന്ന സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെൻസ്ട്രുവൽ കപ്പ് വിതരണം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 66/2025, മെൻസ്ട്രുവൽ കപ്പ് വിതരണം |
| അടങ്കൽ തുക | 126000(വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | 39872 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| ബിൽ നമ്പർ / തിയതി | 52/ 11.03.2025 |

നീതി മെഡിക്കൽ സ്റ്റോർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 199.36 രൂപ എന്ന നിരക്കിൽ ക്വട്ടേഷൻ മുഖേന 200 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ 39872 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഭരണസമിതിയുടെ 24.09.2024 തിയതിയിലെ 02/15ാം നമ്പർ തീരുമാനപ്രകാരം 152 പേരുടെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്ത വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെയായി 66 മെൻസ്ട്രുവൽ കപ്പ് മാത്രമേ വിതരണം നടത്തിയിട്ടുള്ളു എന്ന് ബോധ്യപ്പെട്ടു. അവശേഷിക്കുന്നവ വിതരണം നടത്താത്തതിനും ചുവടെ ചേർത്തിട്ടുള്ള മറ്റ് അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/27.10.2025) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതി നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

**1. മെൻസ്ട്രുവൽ കപ്പുകൾ 48 എണ്ണം അധികം വാങ്ങി**

അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 152 പേർ മാത്രമാണെന്നിരിക്കെ 200 എണ്ണം വാങ്ങിയിട്ടുണ്ട്. 48 മെൻസ്ട്രുവൽ കപ്പ് അധികം വാങ്ങിയിട്ടുണ്ട്.

**2. കപ്പ് അളവ് , എണ്ണം കണ്ടെത്തിയതിൽ വ്യക്തതയില്ല**

ഗുണഭോക്തൃലിസ്റ്റിൽ 18 വയസ്സുമുതലുള്ള സ്ത്രീകൾ ഉൾപ്പെടുന്നു. M Size (100 എണ്ണം), L Size (100 എണ്ണം) എന്നിങ്ങനെ അളവിലുള്ള മെൻസ്ട്രുവൽ കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. ഓരോ അളവിലും ഉള്ള എത്ര എണ്ണം വീതം മെൻസ്ട്രുവൽ കപ്പുകൾ ആവശ്യമാണ് എന്ന് മുൻകൂട്ടി നിശ്ചയിച്ചതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. എന്തടിസ്ഥാനത്തിലാണ് M, L എന്നീ അളവിലുള്ള മെൻസ്ട്രുവൽ കപ്പുകൾ 100 എണ്ണം വീതം വാങ്ങിയതെന്നതിൽ വ്യക്തതയില്ല. ആവശ്യകത മുൻകൂട്ടി നിശ്ചയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

3. **134 മെനുസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടില്ല**

ആകെ 200 മെനുസ്ട്രുവൽ കപ്പുകൾ വാങ്ങിയതിൽ 66 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഉള്ളത്. 134 മെനുസ്ട്രുവൽ കപ്പുകൾ കൂടി വിതരണം ചെയ്യാനവശേഷിക്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്നവ കൂടി വിതരണം ചെയ്യേണ്ടതുമാണ്.
വിതരണം ചെയ്യാത്ത 134 മെനുസ്ട്രുവൽ കപ്പുകളുടെ വിലയായ 26714 രൂപ (134x199.36) വിതരണ രേഖകൾ ഹാജരാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | ആകെ കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | വിൻസി രാജേഷ് | 2021-22 | 340000 | 26.03.2024 |
| 2 | ശാന്തസുബ്രമണ്യൻ | 2021-22 | 240000 | - |
| 3 | സിന്ധു രവീന്ദ്രൻ | 2021-22 | 35921 | 21.10.2023 |
| 4 | കുട്ടൻ | 2021-22 | 40000 | 09.02.2022 |
| 5 | വേലായുധൻ | 2021-22 | 340000 | 26.02.2024 |
| 6 | സുനിത മോഹൻ | 2021-22 | 170000 | 28.03.2023 |
| 7 | ജാനകി വേലായുധൻ | 2021-22 | 200000 | 25.03.2024 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/29.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും, നിലവിലെ സ്ഥിതി, സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതുമാണ്. മുൻകൂർ കൈപ്പറ്റി വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും കരാർ വ്യവസ്ഥകൾ പ്രകാരം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിക്ക് നൽകിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | റിക്വിസിഷൻ / വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | തുക നൽകിയത് |
|---|---|---|---|---|
| 1 | 326/25, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | XVFC/24-25/P /56/27.11.24 | 557786 | KSEB ഇലക്ട്രിക്കൽ സെക്ഷൻ, പടിഞ്ഞാറങ്ങാടി |
| | | XVFC/24-25/P/ 81/ 29.03.25 | 324814 | KSEB ഇലക്ട്രിക്കൽ സെക്ഷൻ, പട്ടാമ്പി |
| 2 | 359/25, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 5080607201240017/ 08.10.24 | 67744 | KSEB ഇലക്ട്രിക്കൽ സെക്ഷൻ, പടിഞ്ഞാറങ്ങാടി |
| | | 5080607201240034/ 13.02.25 | 20630 | |
| | | 5080607201240021 /21/11.24 | 12655 | |
| | | 5080607201240045 / 11.03.25 | 62807 | |
| | | 5080607201240048 /14.03.25 | 6885 | |

| | | |
|---|---|---|
| | 5080607201240014 /22.08.24 | 16648 |

14-ാം പദ്ധതി മാർഗരേഖ, സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022, ഖണ്ഡിക 12.2.(5) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകളോ ധനവിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം -13/27.10.25) മറുപടി ലഭ്യമായില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകുന്നതിനു മുമ്പ് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

**1-18 വിവാഹ ധനസഹായം നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകത**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 76/25, പട്ടിക ജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം |
| അടങ്കൽ തുക | 1000000 (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് തുക | 1000000 |
| ബിൽനമ്പർ / തിയതി | 1/16.12.2024 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ 8 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ നിയമാനുസൃതം അനുവദനീയമായ കാലപരിധിക്കകം അപേക്ഷിക്കാത്ത താഴെ പറയുന്ന അപേക്ഷയിൽ ധനസഹായം അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി.

ആതിര വി.എം, D/o സത്യപ്രകാശ്, മണ്ണാരപുരക്കൽ, വെള്ളാളൂർ എന്ന ഗുണഭോക്താവിന്റെ വിവാഹ തീയതി 28.01.24 നായിരുന്നെങ്കിലും 02.09.24 ൽ മാത്രമാണ് ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളത്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) **നം.** 115/2022 തീയതി 28.05.22 ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിനു 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കണം എന്നും കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ കൂടിയായ ജില്ലാകളക്ടറുടെ അനുമതി ലഭ്യമാക്കിയതിനുശേഷം മാത്രം ധനസഹായം അനുവദിക്കേണ്ടതാണന്നും

വ്യക്തമാക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 14/27.10.25) മറുപടി ലഭ്യമാക്കിയില്ല.

